**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1772** **12.06.2019 ൽ മറുപടിയ്ക്ക്**

**<u>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം</u>**

| **ചോദ്യം**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**,, ടി. വി. ഇബ്രാഹിം**<br>**,, എം.ഉമ്മർ**<br>**,, അബ്ദുൽ ഹമീദ് പി.** | | **മറുപടി**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനുവേണ്ടി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി സർക്കാർ പ്രഖ്യാപിച്ച സുരക്ഷാ മിത്ര ഈ വിദ്യാഭ്യാസ വർഷം നടപ്പിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | വാഹനങ്ങളിൽ ലൊക്കേഷൻ ട്രാക്കിങ് ഡിവൈസ് സംവിധാനം നടപ്പാക്കുന്നതിനുള്ള സുരക്ഷാ മിത്ര പദ്ധതിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സി-ഡാക്കുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്.<br>ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, വാഹന തകരാറുകൾ, ഗതാഗത തടസ്സങ്ങൾ, അമിത വേഗത, അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെ ഉണ്ടായേക്കാവുന്ന അതിക്രമങ്ങൾ എന്നിവ തടയുന്നതിന് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic Button) ഉൾപ്പെടുത്തിയിട്ടുണ്ട്.<br>പ്രസ്തുത സന്ദേശങ്ങൾ കൺട്രോൾ റൂമിലേയ്ക്കും എസ്.എം.എസ് മുഖേന വാഹന ഉടമ, സ്കൂൾ അധികൃതർ, രക്ഷിതാക്കൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവർക്ക് ലഭിക്കുന്നതാണ്. |
| (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ കാര്യക്ഷമതാപരിശോധന പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | എല്ലാ സ്കൂൾ വാഹനങ്ങളുടെയും ക്ഷമത, കുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, സീറ്റ് ക്രമീകരണം മറ്റ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ പരിശോധിച്ച്, ക്ഷമത ഉറപ്പ് വരുത്തിയ വാഹനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് സ്റ്റിക്കർ പതിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**